**Lalith Babu**

## വിവരാവകാശ നിയമപ്രകാരം തീർപ്പാക്കിയ കുറേ അപേക്ഷകൾക്ക് ഒരു അപ്പീൽ സമർപ്പിക്കാനാകില്ല. ഓരോ അപേക്ഷയ്ക്കും ഓരോ അപ്പീൽ സമർപ്പിക്കണം

3. അപ്പീൽ ഹർജിയും എതൃകക്ഷിയുടെ റിപ്പോർട്ടും കമ്മിഷൻ വിശദമായി പരിശോധിച്ചു. ഒരോ അപേക്ഷയിന്മേലും പ്രത്യേകം അപ്പീൽ ഹർജി സമർപ്പിച്ചാൽ മാത്രമേ കമ്മിഷന് അപേക്ഷയും ഹർജിയും പരിശോധിക്കുവാനും തീരുമാനം എടുക്കുവാനും സാധിക്കുകയുള്ളൂ. ഒന്നിൽ കൂടുതൽ അപേക്ഷകളിന്മേലുള്ള പരാതികൾ ഒരു അപ്പീൽ ഹർജിയിൽ പരിഗണിക്കാനാകില്ലെന്നു കമ്മിഷൻ തീരുമാനിച്ചു. ഒരു പബ്ളിക് അതോറിറ്റിയുടെ കൈവശമോ, നിയന്ത്രണത്തിലോ ഉള്ള വിവരങ്ങൾ ലഭിക്കുവാനാണ് വിവരാവകാശ നിയമം ജനങ്ങൾക്ക് അവകാശം നൽകുന്നത്. ചോദ്യങ്ങൾക്ക് ഉത്തരം ആവശ്യപ്പെടുക, വിശദീകരണം തേടുക, നിർവചനങ്ങൾ ആവശ്യപ്പെടുക എന്നിവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ അല്ല. അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച 13 അപേക്ഷകളിൽ 12 എണ്ണവും തീർപ്പാക്കിയെന്നാണ് രണ്ടാം എതൃകക്ഷി കമ്മിഷൻ മുമ്പാകെ ബോധിപ്പിച്ചിരിക്കുന്നത്. ഹർജിക്കാരന്റെ അപേക്ഷകൾ തീർപ്പാക്കിയതിൽ പരാതി ഉണ്ടെങ്കിൽ ഓരോ അപേക്ഷയിന്മേലും പ്രത്യേകം പ്രത്യേകമായി ഹർജിക്കാരൻ രണ്ടാം എതൃകക്ഷി മുമ്പാകെ ഒന്നാം അപ്പീൽ ഹർജി സമർപ്പിക്കേണ്ടതാണ്

അപ്പീൽ ഹർജി ഇപ്രകാരം തീർപ്പാക്കി കമ്മിഷൻ ഇന്നേ ദിവസം 2007 ജൂൺ 11-ാം തീയതി ഉത്തരവാകുന്നു.